# രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,
വഞ്ചിയൂർ, തിരുവനന്തപുരം 695035
ഫോൺ 0471-2703456
ഇ-മെയിൽ regig.ker@nic.in
https://registration.kerala.gov.in

## കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം
## (ഹാജർ : ശ്രീധന്യ സുരേഷ്. ഐ.എ.എസ്.)

---

**ഉത്തരവ് നമ്പർ : IGR/6191/2024-E1** **തീയതി, തിരുവനന്തപുരം, 27-12-2024**

---

വിഷയം :- രജിസ്ട്രേഷൻ വകുപ്പ്-ജീവനക്കാര്യം - RTI പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായുള്ള നോഡൽ ഓഫീസർ, ഓർഗനൈസേഷണൽ നോഡൽ ഓഫീസർ എന്നിവരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :- 25.09.2024 ലെ സി.ഡിഎൻ-1/18/2023-പൊ.ഭ.വ-പാർട്ട് (8) നമ്പർ സർക്കാർ സർക്കുലർ

1. RTI ഓൺലൈൻ പോർട്ടൽ വഴി ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2.ടി സർക്കുലർ പ്രകാരം RTI PORTAL ന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ വകുപ്പിനും/ സ്ഥാപനത്തിനും പ്രധാനമായും ഒരു വകുപ്പ്/ സ്ഥാപന നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

3.മേൽസാഹചര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ RTI PORTAL നോഡൽ ഓഫീസർ ആയി ഈ കാര്യാലയത്തിലെ വിവരാവകാശ സെക്ഷന്റെ കൂടി ചുമതലയുള്ള ലൈസൻസിംഗ് സെക്ഷൻ സൂപ്രണ്ട് ( ജൂനിയർ സൂപ്രണ്ട്) ശ്രീ ഷിജു ആർ എസ് (പെൻ 377943) നെ നിയമിച്ച് ഉത്തരവാകുന്നു.

4. ടി സർക്കുലറിന്റെ നിർദ്ദേശങ്ങൾ പ്രകാരം RTI PORTAL ൽ വകുപ്പിലെ ഓർഗനൈസേഷൻ നോഡൽ ഓഫിസർമാരെ താഴെ ചേർക്കുന്ന പ്രകാരം നിയമിച്ച ഉത്തരവാകാവുന്നു.

എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിലെ ഓർഗനൈസേഷണൽ നോഡൽ ഓഫിസറായി ഫെയർകോപ്പി സൂപ്രണ്ടിനെ നിയമിച്ച് ഉത്തരവാകുന്നു.നിലവിലെ ഫെയർകോപ്പി സൂപ്രണ്ടായ

ശ്രീമതി.ശൈലജ റ്റി.എസ് (പെൻ 386338) ടി ചുമതല വഹിക്കേണ്ടതാണ്.

ബി) മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസുകളിലെ ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരായി അതാത് ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ടിനെ നിയമിച്ച് ഉത്തരവാകുന്നു.

സി) ജില്ലാ രജിസ്ട്രാർ ജനറൽ / ആഡിറ്റ് ഓഫീസുകളിൽ ഓർഗനൈസേഷണൽ നോഡൽ ഓഫീസറായി അതാത് ഓഫീസുകളിലെ ഹെഡ് ക്ലർക്ക് / ജൂനിയർ സൂപ്രണ്ട്-നെ നിയമിച്ച് ഉത്തരവാകുന്നു.

ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓർഗനൈസേഷണൽ നോഡൽ ഓഫീസറായി അതാത് ഓഫീസുകളിലെ ഹെഡ് ക്ലർക്ക് / ജൂനിയർ സൂപ്രണ്ട്-നെ നിയമിച്ച് ഉത്തരവാകുന്നു.

ഇ) തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട് , കാസർഗോഡ് എന്നീ ജില്ലകളിലെ ചിട്ടി ഓഡിറ്റർ ഓഫീസുകളിൽ ഓർഗനൈസേഷണൽ നോഡൽ ഓഫീസറായി ചിട്ടി ഓഡിറ്റർമാരെ നിയമിച്ച് ഉത്തരവാകുന്നു.

എഫ്) ടി ഖണ്ഡിക 4 (ഇ) ൽ പരാമർശിച്ചിട്ടുള്ള ജില്ലകളൊഴികെയുള്ള ചിട്ടി ഓഡിറ്റർ ഓഫീസുകളിൽ അതാത് ഓഫീസുകളിലെ തപാൽ സെക്ഷന്റെ ചുമതലയുള്ള ക്ലർക്കുമാരെ ഓർഗനൈസേഷണൽ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരാവാകുന്നു.

5.പരാമർശ സർക്കുലർ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

6.എല്ലാ മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരും തങ്ങളുടെ കീഴിലെ ഓഫീസുകളിൽ RTI പോർട്ടലിന്റെ ഓർഗനൈസേഷണൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും പരാമർശ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും വീഴ്ച കൂടാതെ ആയത് സംബന്ധിച്ച റിപ്പോർട്ട് **04.01.2025 തീയതിക്ക്** മുമ്പായി സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നു.

Signed by
Sreedhanya Suresh
Date: 27-12-2024 13:13:42

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

പകർപ്പ്

1. രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
2. എല്ലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും
3. എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ) / ഓഡിറ്റ്)മാർക്കും

4. ഐ.ടി. സെക്ഷൻ (വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)

5.എല്ലാസബ് രജിസ്ട്രാർമാർക്കും ചിട്ടി ആഡിറ്റർമാർക്കും(ജില്ലാ രജിസ്ട്രാർ (ജനറൽ)മുഖേന

6. ലൈസൻസ് സെക്ഷൻ സൂപ്രണ്ട്,ഫെയർകോപ്പി സൂപ്രണ്ട്

7.ഫയൽ/സ്റ്റോക്ക് ഫയൽ